## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.772 30.01.2019 -ലെ മറുപടിക്ക്**

**<u>തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിനായി 66,15,50,850/- രൂപ ചെലവഴിച്ചു. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന നടപടി പൂർത്തിയായി വരുന്നതേയുള്ളൂ. |
| (ബി) | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിൽ ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം വാങ്ങുന്ന ഭൂമി ഗുണഭോക്താക്കൾ തന്നെ കണ്ടെത്തി വാങ്ങുകയാണ് ചെയ്യുന്നത്. വകുപ്പ് ഭൂമി കണ്ടെത്തി ഏറ്റെടുത്ത് വിതരണം ചെയ്യുന്നില്ല.<br>നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി ഭൂമി വാങ്ങി നൽകുന്നതിനായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി നൽകി; വിശദാംശം നൽകാമോ? | (സി) | പട്ടികജാതി വികസന വകുപ്പിൽ നിന്നും 103 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. നെടുമങ്ങാട് ബ്ലോക്കിൽ 12 ഗുണഭോക്താക്കൾക്കും, വാമനപുരം ബ്ലോക്കിൽ 11 ഗുണഭോക്താക്കൾക്കും, പോത്തൻകോട് ബ്ലോക്കിൽ 27 ഗുണഭോക്താക്കൾക്കും നെടുമങ്ങാട് മുൻസിപ്പാലിറ്റിയിൽ 53 പേർക്കും ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ